# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1620** 07/03/2018-ലെ മറുപടി

## അന്തർ സംസ്ഥാന നദീജല കരാറുകൾ

**ചോദ്യം**

**ശ്രീ. പി.ടി.തോമസ്**
**ശ്രീ. വി.ടി. ബൽറാം**

എ) കേരളം അയൽ സംസ്ഥാനങ്ങളുമായി ഏർപ്പെട്ടിരിക്കുന്ന അന്തർസംസ്ഥാന നദീജല കരാറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി താഴെ പറയുന്ന കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29.05.1970 ൽ ഒപ്പുവെച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19.08.1973 ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29 ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ട കരാർ, 1970 ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ. (പെരിയാർ പാട്ടക്കരാറിന് നിയമ സാധുത ഇല്ലെന്നാണ് കേരളത്തിന്റെ നിലപാടെങ്കിലും 07.05.2014 ലെ സുപ്രീം കോടതി വിധിയിൽ കേരളത്തിന്റെ നിലപാട് അംഗീകരിച്ചിട്ടില്ല). നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കർണാടകയുമായി കരാറുകളൊന്നും തന്നെയില്ല.

| | | |
|---|---|---|
| ബി)ഓരോ കരാർ പ്രകാരവും കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ ; | ബി) | കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. ഇത പ്രകാരം ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെ) മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി. എഫ്.ടി.യുമാണ് കേരളത്തിന്റെ വിഹിതം.<br>ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനു പുറമെ പറമ്പിക്കുളം വ്യൂഹം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേയ്ക്കും വിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനു വേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 ക്യുസെക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിറുത്തേണ്ടതാണ്. പെരിയാർ പാട്ട കരാർ പ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല. |
| സി) ഇത്തരത്തിൽ അനുവദനീയമായ ജലം കേരളത്തിന് ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ | സി) | പറമ്പിക്കുളം ആളിയാർ പദ്ധതി പ്രകാരം കേരളത്തിന് ലഭിക്കാനുള്ള ജലം മഴ കുറവുള്ള |

| | |
|---|---|
| കാരണം എന്തെന്ന് വിശദീകരിക്കുമോ ; | സമയങ്ങളിൽ പൂർണ്ണ തോതിൽ ലഭിക്കാറില്ല. എന്നാൽ അപ്പർ നീരാറിലെ തനതു നീരൊഴുക്ക് ഏറെക്കുറെ കേരളത്തിന് ലഭിക്കുന്നുണ്ട്. |
| ഡി) അനുവദനീയമായ ജലം കേരളത്തിന് ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ? | കേരളത്തിന് പി.എ.പി കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) യോഗങ്ങൾ മുഖാന്തിരം നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു.<br>ഇതിനു പുറമെ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, സർക്കാരും, പി.എ.പി കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ് നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ഉഭയകക്ഷി ചർച്ച അടക്കമുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചു വരുന്നു. |

SD

**സെക്ഷൻ ഓഫീസർ**